യോഹ. 2:13-22

നവംബർ 12: സഭയുടെ നവീകരണം

ഭാഷ്യം

I. സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിൽ യേശു നടത്തുന്ന ആദ്യ ജറുസലം ദേവാലയ സന്ദർശനമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം. യഹൂദരുടെ പെസഹാ തിരുനാളിന്റെ പശ്ചാത്തലത്തിലാണ് യേശു ദേവാലയത്തിൽ എത്തുന്നത്. മിശിഹാ പൊടുന്നനെ ദേവാലയത്തിലേക്കു കടന്നു വരുമെന്നും പുരോഹിതരെ ശുദ്ധീകരിക്കുമെന്നും ഉള്ള മലാക്കി പ്രവാചകന്റെ പ്രവചനങ്ങളും, ദേവാലയത്തിൽ കച്ചവടക്കാരുടെ ആവശ്യമുണ്ടാവുകയില്ലാത്ത കാലത്തെക്കുറിച്ചുള്ള സക്കറിയാ പ്രവാചകന്റെ പ്രവചനവും ആണ് ഇന്നത്തെ സുവിശേഷ സംഭവത്തിന്റെ പഴയനിയമ പശ്ചാത്തലം.

II. പ്രമേയം

ജറുസലേം ദേവാലയവും യേശുവും തമ്മിലുള്ള ബന്ധമാണ് ഇന്നത്തെ സുവിശേഷത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രമേയം. യേശുവിന്റെ ആഗമനത്തോടെ ജറുസലേം ദേവാലയം അപ്രസക്തമായി എന്ന് ഇന്നത്തെ സുവിശേഷ സംഭവം പ്രഖ്യാപിക്കുന്നു. ദേവാലയത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങളെല്ലാം യേശുവിൽ നിറവേറിയിരിക്കുന്നതിനാൽ ഇനി ജറുസലേം ദേവാലയത്തിനു പ്രസക്തിയില്ല. യേശു തന്നെയാണ് യഥാർത്ഥ ദേവാലയം.

III. സന്ദേശം

1. ഒറ്റനോട്ടത്തിൽ യേശുവിന്റെ പ്രവർത്തി ദേവാലയ ശുദ്ധീകരണമാണ്. നാം ആയിരിക്കുന്നതും ചെന്നെത്തുന്നതും ആയ സ്ഥലങ്ങൾ നമ്മുടെ സാന്നിദ്ധ്യവും ചിന്തകളും മനോഭാവങ്ങളും മൂല്യങ്ങളും പ്രവർത്തികളും വഴി കൂടുതൽ ശുദ്ധീകരിക്കപ്പെടുകയാണോ അതോ മലീമസമാകുകയാണോ ചെയ്യുന്നത്?

2. ദേവാലയം വിശുദ്ധ സ്ഥലമായിട്ടാണ് എല്ലാവരും കരുതിയിരുന്നത്. എങ്കിലും ദൈവഭവനത്തിനു ചേരാത്ത പലതും യേശു അവിടെ കണ്ടെത്തി.

നാം "ശരി" യെന്നും "നല്ലത്" എന്നും കരുതി കൊണ്ടുനടക്കുന്ന നമ്മുടെ സംവിധാനങ്ങൾ, പ്രവർത്തനങ്ങൾ, കാഴ്ചപ്പാടുകൾ, സമീപനങ്ങൾ തുടങ്ങിയവ യഥാർത്ഥത്തിൽ, ദൈവദൃഷ്ടിയിൽ ശരിയും നല്ലതും തന്നെയാണോ എന്നു വിലയിരുത്തുവാൻ ഇന്നത്തെ സുവിശേഷം നമ്മെ ക്ഷണിക്കുന്നു.

3. മനുഷ്യനെ ദൈവവുമായി അനുരഞ്ജിപ്പിക്കുന്നതിനുള്ള ബലിയർപ്പണം നടക്കുന്ന സ്ഥലമാണ് ദേവാലയം. തന്നെത്തന്നെ ബലിയർപ്പിച്ചു കൊണ്ട് മനുഷ്യനെ ദൈവവുമായി യേശു അനുരഞ്ജിപ്പിച്ചു. അങ്ങനെ ദൈവ മനുഷ്യ ഐക്യത്തിനുള്ള വേദിയായ ദേവാലയമായി യേശു മാറി. നമ്മുടെ കുടുംബാംഗങ്ങളെയും സമൂഹാംഗങ്ങളെയും ദൈവത്തോടു ബന്ധപ്പെടുത്താൻ നാം എത്രമാത്രം ശ്രമിക്കുന്നുണ്ട്. അതിനാവശ്യമായ ത്യാഗവും കഷ്ടതകളും സഹനവും ഏറ്റെടുക്കാൻ നാം എത്രമാത്രം തയ്യാറാണ്? അത്രമാത്രം നാം ഓരോരുത്തരും ദേവാലയങ്ങളായി രൂപാന്തരപ്പെടുന്നു.

4. ദൈവസാന്നിദ്ധ്യത്തിന്റെ വേദിയാണ് ദേവാലയം. ദൈവം തന്നെയായ ഈശോ, മനുഷ്യരുടെ ഇടയിലെ, ദൈവസാന്നിദ്ധ്യത്തിന്റെ ഏറ്റവും മൂർത്തമായ ആവിഷ്കാരമാണ്. അതുകൊണ്ടാണ് യേശു തന്നെയാണ് ദേവാലയവും എന്നു പറയുന്നത്. നമ്മുടെ സാന്നിദ്ധ്യത്തിൽ മറ്റുള്ളവർക്ക് ദൈവിക സാന്നിദ്ധ്യത്തിന്റെ ഒരു നിഴലെങ്കിലും കാണാൻ സാധിക്കുന്നുണ്ടോ? നമ്മുടെ സംസാത്തിലൂടെയും പ്രവർത്തിയിലൂടെയും ദൈവികമായ സന്തോഷവും ആശ്വാസവും സമാധാനവും സ്നേഹവും ഐക്യവും എത്രത്തോളം മറ്റുള്ളവർക്ക് അനുഭവിക്കാൻ സാധിക്കുന്നുണ്ടോ അത്രത്തോളം നാം ദേവാലയങ്ങളായി മാറിയിട്ടുണ്ട്.

5. ദൈവവചനം കേൾക്കുന്നതിനുള്ള സ്ഥലമാണ് ദേവാലയം. പിതാവിൽ നിന്നു കേട്ടവയെല്ലാമാണ് യേശു പറഞ്ഞിരുന്നത് എന്നതിനാൽ ദൈവവചനം കേൾക്കാനുള്ള ദേവാലയമായി യേശു മാറി. നമ്മുടെ ഓർമ്മയിൽ എത്രമാത്രം വചനം നിറഞ്ഞിട്ടുണ്ട്, നമ്മുടെ നാവുകളിൽ ദൈവവചനം എത്ര അനായാസമായി കടന്നുവരുന്നുണ്ട്? നമ്മുടെ സംസാരശൈലി ദൈവത്തിന്റെ സംസാരശൈലിയുമായി എത്രമാത്രം പൊരുത്തമുണ്ട്?

ഡോ. ജേക്കബ് ചാണിക്കുഴി

പ്രസംഗം

പുനരുദ്ധരിക്കേണ്ട ദേവാലയ സങ്കല്പങ്ങൾ

ഭീകരവാദികളുടെ നിഴലിൽ ഇരുണ്ട തടവറയിൽ മാസങ്ങളോളം ബന്ധിയാക്കപ്പെട്ട ഫാ. ടോം ഉഴുന്നാലിൽ മോചിതനായതിന് ശേഷം നടത്തിയ പ്രഭാഷണങ്ങളിൽ പങ്കു വെച്ച പ്രധാനപ്പെട്ട ഒരു കാര്യം തന്റെ ബന്ധനനാളുകളിൽ വലിയ ശക്തി പകർന്നത് പ്രാർത്ഥനയും അതിനേക്കാൾ ഉപരി

തന്റെ ഓർമ്മയിൽ നിന്ന് അപ്പവും വീഞ്ഞുമില്ലാതെ നടത്തിയ ആത്മീയ ബലിയർപ്പണങ്ങളും ആണെന്നായിരുന്നു. ഒരർത്ഥത്തിൽ ടോമച്ചൻ ഇരുണ്ട മുറിയെ ദേവാലയമാക്കി.

ആഫ്രിക്കൻ രാജ്യങ്ങളിലെ ഒരു ദരിദ്ര മിഷൻ പ്രദേശത്ത് വൈദികൻ തുറസായ സ്ഥലത്ത് ഒരു പാറക്കല്ലിൻമേൽ ചുറ്റും ആളുകളെ നിർത്തി ബലി അർപ്പിക്കുന്ന രംഗം കുറച്ച് നാളുകൾക്ക് മുമ്പ് സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയായിരുന്നു. അത് കണ്ടപ്പോൾ കണ്ണ് നിറഞ്ഞെങ്കിലും അത്ര ലളിതമായ ഒരു ബലിയുടെ പ്രചോദനം മനസിനെ ഇപ്പോഴും വിടാതെ പിന്തുടരുന്നുണ്ട്.

ദേവാലയ കേന്ദ്രീകൃതമായിരുന്നു യഹൂദജീവിതം. ദൈവം വസിക്കുന്നത് ദേവാലയത്തിൽ മാത്രമാണെന്ന ഇടുങ്ങിയ ചിന്തയിലേക്ക് അവർ ഒതുങ്ങിയിരുന്നു. ബലികളും കാഴ്ചകളും കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്താമെന്ന് അവർ കരുതിയിരുന്നു. ദൈവത്തിന്റെ വലിപ്പത്തിനും പ്രതാപത്തിനും ചേർന്ന ദേവാലയ നിർമ്മിതികളിൽ അവർ വിശ്വസിച്ചിരുന്നു. ബാഹ്യമായ ആചാരങ്ങളും മാമൂലുകളും അനുഷ്ഠിക്കുക വഴി ദൈവത്തെ വരുതിയിൽ നിറുത്താമെന്ന് വരെ അവർ ചിന്തിച്ചിരുന്നിരിക്കണം. ഇത്തരം വ്യാജ സങ്കൽപ്പങ്ങൾക്കെതിരെ ആണ് ക്രിസ്തു ചാട്ടവാറെടുക്കുന്നത്.

ഒരു പുതിയ ദേവാലയ സ്വപ്നമാണ് യേശു പങ്കു വെക്കുന്നത്. ഇനി മുതൽ അവന്റെ ശരീരമാണ് പുതിയ ദേവാലയമായി മാറേണ്ടത്. ബലി അർപ്പിക്കേണ്ടത് അവന്റെ ശരീരവും രക്തവുമാണ്. ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ പകുത്ത് കൊടുക്കുന്നിടങ്ങളൊക്കെ പരിശുദ്ധി ഒട്ടും കുറയാത്ത ദേവാലയങ്ങളാണ്. ദൈവത്തിന്റെ നാമം അനുസ്മരിക്കുന്നിടങ്ങൾ പൂർണ്ണതയുള്ള പള്ളികളാണ്. ദൈവത്തെ പാടിപ്പുകഴ്ത്തുന്നിടങ്ങൾ കുറവില്ലാത്ത അവിടുത്തെ വാസസ്ഥലങ്ങളാണ്. ദേവാലയങ്ങൾ പണിതുയർത്തേണ്ടത് ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ മേലാണ്. ആദിമ സഭ പടുത്തുയർത്തിയത് അത്തരം ദേവാലയങ്ങളാണ്. പുതിയ കാലത്തെ വെല്ലുവിളി ക്രിസ്തു വിഭാവനം ചെയ്ത സ്ഥലകാല പരിമിതികളെ ഇല്ലാതാക്കുന്ന പുതിയ ദേവാലയ സങ്കല്പങ്ങളെ തിരിച്ച് പിടിക്കലാണ്.

"അർപ്പിക്കുന്നവന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കാൻ കഴിവില്ലാത്ത കാഴ്ചകളും ബലികളുമാണ്" (ഹെബ്രാ 9: 9) ക്രിസ്തുവിന്റെ കാലത്ത് സമർപ്പിക്കപ്പെട്ടിരുന്നത്. മനസ്സാക്ഷിയുമായി ബന്ധമില്ലാത്തതായിരുന്നു ദേവാലയത്തിലെ കർമ്മങ്ങൾ. ബലികളുടെ അർപ്പണം ശാരീരിക ശുദ്ധിയിലും ചില പൊള്ളയായ നിയമങ്ങളിലും വല്ലാതെ ബന്ധപ്പെട്ട് കിടന്നിരുന്നു. ആന്തരികത ഒരു വിഷയമേ ആയിരുന്നില്ല. മനസ്സിന്റെ ശുദ്ധി കാഴ്ചകൾ അർപ്പിക്കാൻ ആവശ്യമായിരുന്നില്ല. ബലികൾ അന്തഃകരണത്തെ ബലപ്പെടുത്തിയില്ല, വിശുദ്ധീകരിക്കുന്നതിലേക്ക് നയിച്ചിരുന്നില്ല.

ദേവാലയ സങ്കൽപ്പങ്ങളെ മനഃസാക്ഷിയുമായി ബന്ധിപ്പിക്കാതെ വരുമ്പോ

ഴാണ് കച്ചവട മനോഭാവം തല പൊക്കുന്നത്. ആത്മാവ് നഷ്ടപ്പെടുന്ന ദേവാലയങ്ങൾ ഉണ്ടാവാൻ കാരണം ആന്തരികതയ്ക്ക് പ്രാധാന്യം കൊടുക്കാതെ പൊള്ളത്തരങ്ങളെ ആഘോഷമാക്കുമ്പോഴാണ്. കളങ്കമില്ലാത്ത ബലി നടക്കാൻ കച്ചവട ചിന്തകളെ പിഴുതെറിയണം. ക്രിസ്തു ആത്മാവിന്റെ നിയമങ്ങളെ ബലിപീഠവുമായി ബന്ധിപ്പിച്ചവനാണ്. മനസാക്ഷിയും ദേവാലയവും തമ്മിലുള്ള ബന്ധത്തിന്റെ പാലം സുദൃഢമാക്കിയവനാണ്.

സ്വന്തം ശരീരത്തിൽ ദേവാലയം തീർത്തവനാണ് ക്രിസ്തു. ജീവിതം മുഴുവൻ ബലിയാക്കിയവൻ. ജീവിതത്തെ ബലിപദാർത്ഥമാക്കിയവൻ. ബലി പൂർത്തീകരിക്കേണ്ടതും ദേവാലയം പൂർത്തിയാക്കേണ്ടതും ദേവാലയം തീർക്കേണ്ടതും സ്വന്തം ജീവിതം കൊണ്ടാകണമെന്ന വലിയ പാഠം അവൻ പകരുന്നുണ്ട്. ക്രിസ്തു ആവശ്യപ്പെട്ട ബലിയുടെ ഓർമ്മ ആചരിക്കുന്നത് ഒരു ഭാഗം മാത്രമാണ്. ജീവിതം നീട്ടപ്പെട്ട ബലി കൂടിയാകുമ്പോഴാണ് അത് പൂർണമാകുക. ദേവാലയത്തിനകത്തെ പതിവു ബലി അർപ്പണത്തിൽ മാത്രം സംതൃപ്തരാകുമ്പോൾ നമ്മുടെ ശരീരങ്ങൾ ദേവാലയമല്ലാതായി മാറും. നമ്മുടെ ജീവിതങ്ങൾ കീറി മുറിയുന്നില്ലെങ്കിൽ അനുദിന പുനരുദ്ധാരണവും ഉത്ഥാനവും അസാധ്യമാകും.

ഫാ. ഷിനു ഉതുപ്പാൻ